ന പാസ്സാക്കിയിരുന്നു (കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം, 2018). വ്യവസായങ്ങൾക്ക് നിലവിലുള്ള നിരവധി നിയമങ്ങൾക്കുകീഴിൽ ആവശ്യമായി വരുന്ന ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് വേണ്ടി കേരള പഞ്ചായത്തീരാജ് നിയമം, ഭൂഗർഭ ജല നിയമം, ചുമട്ടുതൊഴിലാളി നിയമം, ഏക ജാലക ക്ലിയറൻസ് നിയമം തുടങ്ങിയ ഏഴോളം നിയമങ്ങളിൽ ഭേദഗതി വരുത്തുകയാണ് ഈ പുതിയ നിയമത്തിന്റെ ലക്ഷ്യം. വ്യവസായ സംരംഭങ്ങൾക്കുള്ള നിയമങ്ങൾ ലളിതമാക്കിയും നിയന്ത്രണങ്ങൾ ലഘൂകരിച്ചും 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്' എന്ന സങ്കൽപ്പത്തിലൂടെ വ്യവസായ വികസനം ത്വരിതപ്പെടുത്തുക എന്നതാണ് ലക്ഷ്യമാക്കുന്നത്. ലോക ബാങ്കിന്റെ ആശയമായ ഈസ് ഓഫ് ഡൂയിങ് ബിസിനസ്, സംസ്ഥാനത്തിന്റെ വ്യവസായ വികസന സാധ്യത കണക്കാക്കുന്ന അളവുകോലായി വ്യവസായവകുപ്പും പരിഗണിച്ചതിന്റെ ഭാഗമായാണ് സർക്കാർ ഇത്തരത്തിലൊരു നിയമനിർമ്മാണം നടത്തിയത്.

തദ്ദേശീയരായ ആദിവാസി സമൂഹത്തിന്റെ കുടിവെള്ള സ്രോതസ്സ് മലിനീകരിച്ചു എന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പരാതിയിൽ പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമം തടൽ) നിയമ പ്രകാരം മീനാക്ഷിപുരം പോലീസ് കൊക്കക്കോള കമ്പനിക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും പ്രഥമ വിവര റിപ്പോർട്ട് തയ്യാറാക്കി അന്വേഷണം ആരംഭിക്കുകയും ചെയ്തിരിന്നു. എന്നാൽ എഫ്.ഐ.ആർ തയ്യാറാക്കിയിട്ടും കൊക്കക്കോള കമ്പനി അധികൃതരെ നിയമം അനുശാസിക്കുന്ന രീതിയിൽ അറസ്റ്റ് ചെയ്യുന്നതിനോ തുടർ നടപടികൾ എടുക്കുന്നതിനോ പോലീസ് ഇതുവരെ തയ്യാറായിട്ടില്ല. കേസിന്റെ അന്വേഷണം സർക്കാർ മനഃപൂർവ്വം മന്ദഗതിയിലാക്കുന്നതായാണ് അനുഭവപ്പെടുന്നത്. ജലസ്രോതസ്സുകൾ മലിനീകരിച്ചതിന് കൊക്കക്കോളയ്ക്കെതിരെ വാട്ടർ ആക്ട് പ്രകാരം എടുക്കേണ്ട ശിക്ഷാനടപടികൾ എടുക്കാതെ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും കോള കമ്പനിയെ സഹായിച്ചുകൊണ്ടിരിക്കുകയാണ്.

കൊക്കക്കോള പ്ലാന്റിന്റെ പ്രവർത്തനം പ്രതികൂലമായി ബാധിച്ചവർക്ക് താത്കാലിക നഷ്ടപരിഹാരം നൽകാമെന്ന വാഗ്ദാനത്തിൽ നിന്നും സർക്കാർ ഇപ്പോൾ പിന്മാറിയിരിക്കുകയാണ്. കഴിഞ്ഞ വർഷം പാലക്കാട് കലക്ട്രേറ്റിനു മുന്നിൽ നാലുമാസത്തോളം നീണ്ടുനിന്ന അനിശ്ചിതകാല സത്യാഗ്രഹ സമരം ഒത്തുതീർപ്പിൽ എത്തിയത് ട്രിബ്യൂണൽ ബില്ല് ഭേദഗതികളോടെ നിയമസഭയിൽ അവതരിപ്പിക്കുന്ന കാര്യം പരിഗണിക്കുമെന്നും അതുവരെ സർക്കാർ താത്കാലിക നഷ്ടപരിഹാരം നൽകുമെന്നും ഉറപ്പുനൽകിക്കൊണ്ടായിരുന്നു. മൂന്ന് മാസത്തെ അവധിയാണ് സർക്കാർ ആവശ്യപ്പെട്ടിരുന്നത്. വാഗ്ദാനം നൽകി ഒരു വർഷമാകാറായിട്ടും ട്രിബ്യൂണൽ ബില്ലിന്റെ കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ചില്ലെന്ന് മാത്രമല്ല, ഇപ്പോൾ താത്കാലിക നഷ്ടപരിഹാരം എന്ന വാഗ്ദാനം പിൻവലിക്കുകയും ചെയ്തിരിക്കുകയാണ്.

കൊക്കക്കോള കമ്പനിയുടെ പ്ലാച്ചിമടയിലെ പ്ലാന്റ് അടച്ചതുകൊണ്ട് ആകെയുള്ള ഗുണം 500 പേർക്കെങ്കിലും ജോലി നഷ്ടമായി എന്നതാണെന്നും കമ്പനിയിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കാൻ ട്രിബ്യൂണൽ സ്ഥാപിക്കുന്നത് സംസ്ഥാനത്തിലേക്കുള്ള നിക്ഷേപ സാധ്യതകളെ പ്രതികൂലമായി ബാധിക്കുമെന്നും കഴിഞ്ഞ എൽ.ഡി.എഫ് സർക്കാറിന്റെ കാലത്ത് വ്യവസായ വകുപ്പിലെ ഒരു ഉന്നത ഉദ്യോഗസ്ഥൻ പറഞ്ഞിരുന്നു. അന്ന് ആ അഭിപ്രായങ്ങളെ അതിജീവിച്ച് നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ പാസ്സാക്കാൻ നിയമസഭയ്ക്ക് കഴിഞ്ഞെങ്കിലും ഇന്ന് നിക്ഷേപത്തിന്, പ്രത്യേകിച്ച് ബഹുരാഷ്ട്ര കോർപ്പറേറ്റ് നിക്ഷേപത്തിന് തടസ്സം വരുന്നതൊന്നും ചെയ്യില്ല എന്നതരത്തിലേക്ക് ഭരണകൂടത്തിന്റെ വികസനനയം മാറിയിരിക്കുന്നു. പ്ലാച്ചിമട സമരത്തിന്റെ ദുരനുഭവം അതാണ് വ്യക്തമാക്കുന്നത്.

**(തയ്യാറാക്കിയത്: നീതുദാസ്)**

# വിഴിഞ്ഞം തുറമുഖം എന്ന മിഥ്യ

**കേ**രളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വൻ കുതിച്ചുചാട്ടം നടത്തുമെന്നും കേരളത്തെ ദുബായ് ആക്കുമെന്നും രാഷ്ട്രീയ പാർട്ടികളും മാധ്യമങ്ങളും വ്യാവസായിക ബിസിനസ് ലോകവും ഒരുപോലെ കൊട്ടിഘോഷിച്ചു നടപ്പിലാക്കിയ വികസന പദ്ധതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി. 2015 നവംബർ ഒന്നിന് കരാർ ഒപ്പുവെയ്ക്കുകയും ഡിസംബർ 15 ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്ത പദ്ധതി ഇന്ന് നിരവധി പ്രതിസന്ധികളെയും ജനകീയ പ്രതിഷേധങ്ങളെയും അഭിമുഖീകരിക്കുകയാണ്. കരാർ ഒപ്പുവയ്ക്കുമ്പോൾ അന്നത്തെ കേരള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയും കമ്പനിയ്ക്ക് വേണ്ടി കരാർ ഒപ്പുവച്ച ഗൗദം അദാനിയും പറഞ്ഞത് ആയിരം ദിവസം കൊണ്ട് പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിക്കുമെന്നാണ്. പദ്ധതി തുടങ്ങി രണ്ട് വർഷവും നാല് മാസവും കഴിയുമ്പോൾ പോർട്ടിന്റെ അടിസ്ഥാന നിർമ്മാണങ്ങൾ പോലും പൂർത്തീകരിക്കുവാൻ കമ്പനിയ്ക്ക് കഴിഞ്ഞിട്ടില്ല. പോർട്ടിന്റെ ഏറ്റവും പ്രധാന നിർമ്മാണങ്ങളിൽ ഒന്നായ, മൂന്നേകാൽ കിലോമീറ്റർ നീളത്തിൽ, 66 ഹെക്ടർ കടൽ നികത്തി 70 ലക്ഷം മെട്രിക് ടൺ പാറയിട്ടു നിർമ്മിക്കുന്ന ബ്രേക്ക് വാളിന്റെ കാൽഭാഗം പോലും പൂർത്തീകരിക്കുവാൻ കമ്പനിയ്ക്ക് കഴിഞ്ഞിട്ടില്ല. ആയിരം ദിവസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിച്ചില്ലെങ്കിൽ കമ്പനി സർക്കാരിന് നഷ്ടപരിഹാരം നൽകണമെന്നാണ് കരാർ വ്യവസ്ഥ. പദ്ധതി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയില്ല എന്നു ബോധ്യപ്പെട്ട കമ്പനി ഇപ്പോൾ നിർമ്മാണ കാലാവധി നീട്ടികിട്ടുന്നതിനു വേണ്ടി സർക്കാരിനെ സമീപിച്ചിരിക്കുകയാണ്. ഓഖി ചുഴലിക്കാറ്റ്മൂലം നിർമ്മാണത്തിലിരുന്ന ബ്രേക്ക് വാൾ തകർന്നെന്നും യന്ത്രസാമാഗ്രികൾക്ക് കേടുപാട് സംഭവിച്ചു എന്നുമാണ് കമ്പനിയുടെ വിശദീകരണം. ഓഖി ചുഴലിക്കാറ്റ്മൂലം കേടുപാടുകൾ സംഭവിച്ചു എന്നത് ഭാഗികമായി യാഥാർത്ഥ്യം ആണെങ്കിലും കമ്പനിയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ

സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയാത്തതാണ് യഥാർത്ഥ കാരണം. കേരളകടൽതീരത്തിലെ ഏറ്റവും പ്രക്ഷുബ്ധവും ആഴവും കൂടിയ ഭാഗമാണ് വിഴിഞ്ഞം. സി.ആർ.ഇസഡ് ഒന്നിൽ പെടുന്ന വിഴിഞ്ഞം അതീവ പരിസ്ഥിതി ലോലപ്രദേശവുമാണ്. ഹൈ ഇറോഷൻ മേഖലയായ ഇവിടെ ഒരു രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും പാടില്ലെന്നാണ് നിയമം അനുശാസിക്കുന്നത്. 2011 ൽ പദ്ധതിയുടെ പാരിസ്ഥിതിക അനുമതിക്ക് വേണ്ടി കേരളം കേന്ദ്രത്തെ സമീപിച്ചപ്പോൾ കേന്ദ്ര വിദഗ്ദ്ധസമതി ഒരു തരത്തിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തരുതെന്നു നിർദ്ദേശിച്ച പ്രദേശമാണ് ഇത്. സെന്റർ ഫോർ സസ്റ്റെയിനബിൾ കോസ്റ്റൽ മാനേജ്മന്റ് തയ്യാറാക്കിയ റിപ്പോർട്ടും മറ്റ് അനവധി പഠനങ്ങളും ഇത് വിശദമായി പറയുന്നുണ്ട്. ഇവിടെയാണ് 66 ഹെക്ടർ കടൽ ഇത്രയധികം പാറയിട്ടു നികത്തുന്നത്. പദ്ധതി തുടങ്ങി ആറു മാസത്തിനുള്ളിൽ മൂന്നിലധികം തവണയാണ് അടുത്തുള്ള വിഴിഞ്ഞം മത്സ്യബന്ധന ഹാർബർ ശക്തമായ തിരയും കടൽക്ഷോഭവും കാരണം തകർന്നത്. പോർട്ട് നിർമ്മാണം ആരംഭിച്ചത് മുതൽ വിഴിഞ്ഞത്തിനു വടക്ക് പൂന്തുറ, വലിയതുറ, ശംഖുമുഖം തുടങ്ങിയ തീരപ്രദേശങ്ങളിൽ വലിയ തോതിൽ കടൽ കയറി തീരം ഇല്ലാതാകുന്നുണ്ട്. നൂറിലധികം വീടുകൾ തകരുകയും 200 മീറ്ററോളം സ്വാഭാവിക കടൽതീരം നശിക്കുകയും ചെയ്തു. സെഡിമന്റ് ട്രാൻസ്പോർട്ടേഷൻ എന്ന പ്രതിഭാസമാണിതിന് കാരണം. പ്രകൃതിയുടെ സ്വാഭാവികമായ ഈ പ്രതിഭാസത്തെയാണ് പുലിമുട്ടുകൾ തടയുന്നത്. 1972 ൽ വിഴിഞ്ഞത്ത് 400 മീറ്റർ പുലിമുട്ട് നിർമ്മിച്ചപ്പോൾ 220 മീറ്റർ സ്വാഭാവിക തീരമാണ് പൂന്തുറയിലും വലിയതുറയിലും നഷ്ടമായത്. ആയിരത്തോളം വീടുകൾ കുടിയൊഴിപ്പിക്കേണ്ടി വന്നു. പൂന്തുറയിൽ ഇന്നും പുനരധിവാസം സാധ്യമാകാത്ത അഞ്ച് കോളനികൾ ആണ് ഇതിന്റെ ബാക്കിപത്രം. പഠനങ്ങളെയും അനുഭവങ്ങളെയും മുൻനിർത്തി മത്സ്യത്തൊഴിലാളികളും, സാമൂഹിക പ്രവർത്തകരും, പരിസ്ഥിതി പ്രവർത്തകരും വിഴിഞ്ഞം തുറമുഖ പദ്ധതി നിർദ്ദേശിക്കപ്പെട്ട കാലത്തുതന്നെ ഇത് ആവർത്തിച്ചു പറഞ്ഞെങ്കിലും സർക്കാർ ഇക്കാര്യം പരിഗണിച്ചതേയില്ല. വിഴിഞ്ഞം പദ്ധതി തുടങ്ങുമ്പോൾ നിർമ്മാണ വേളയിൽ പതിനായിരത്തിൽ അധികം തദ്ദേശിയരായ ജനങ്ങൾക്ക് തൊഴിൽ ലഭിക്കുമെന്നാണ് സർക്കാരും വിഴിഞ്ഞം പോർട്ട് വികസനത്തിനു വേണ്ടി വാദിച്ചിരുന്നവരും പറഞ്ഞിരുന്നത്. ഇന്ന് 800 ൽ അധികം തൊഴിലാളികൾ പണിയെടുക്കുന്ന ഇവിടെ 3 മത്സ്യതൊഴിലാളികളും 4 തദ്ദേശീയരും മാത്രമാണ് ഇപ്പോൾ തൊഴിലെടുക്കുന്നത്. തുറമുഖ പദ്ധതിയുടെ ബെർത്ത് നിർമ്മാണവുമായി ബന്ധപ്പെട്ട് നടന്ന പൈലിംഗിൽ കരിമ്പള്ളിക്കര, മരിയൻ നഗർ, വലിയ കടപ്പുറം പ്രദേശങ്ങളിലെ 34 വീടുകളാണ് തകർന്നത്. നിരവധി ബോട്ടുകളും വള്ളങ്ങളുമാണ് അതിശക്തമായ തിരയിൽപ്പെട്ട് തകർന്നുകൊണ്ടിരിക്കുന്നത്. മുമ്പെങ്ങും ഇല്ലാത്ത വിധമുള്ള ഇത്തരം പ്രതിഭാസങ്ങളാണ് തുറമുഖ നിർമ്മാണത്തിനു ശേഷം അവിടെ രൂപപ്പെടുന്നത് എന്നാണ് മത്സ്യത്തൊഴിലാളികൾ പറയുന്നത്. ഗൗതം അദാനിക്ക് ലാഭമുണ്ടാകുന്ന തരത്തിൽ വിഴിഞ്ഞം കരാർ നിർമ്മിച്ചതുമായി ബന്ധപ്പെട്ട ഒട്ടേറെ വിഷയങ്ങളും പുറത്തുവന്നുകൊണ്ടിരിക്കുകയാണല്ലോ. ചുരുക്കത്തിൽ വികസനത്തിന്റെ പേരിൽ ചങ്ങാത്ത മുതലാളിത്തത്തിന്റെ ഭാഗമായി പൊതുസമ്പത്ത് എങ്ങനെ കോർപ്പറേറ്റ് വിഭവക്കൊള്ളയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്നു എന്നതിന് തെളിവായി ത്തീർന്നിരിക്കുന്നു വിഴിഞ്ഞം തുറമുഖ പദ്ധതി.

**(തയ്യാറാക്കിയത്: സന്തോഷ്കുമാർ, നിഖിൽ വർഗീസ്)**

## മാവൂർ റയോൺസ് നൽകിയതെന്ത്?

**കേ**രളത്തിലേക്കെത്തിയ ആദ്യത്തെ വൻകിട വ്യവസായ ഫാക്ടറിയായ മാവൂർ ഗ്വാളിയോർ റയോൺസ് അടച്ചുപൂട്ടിയിട്ട് 17 വർഷം പിന്നിട്ടിരിക്കുന്നു. വ്യവസായിക വികസനം കേരളത്തിന്റെ വളർച്ചയ്ക്ക് അനിവാര്യമാണെന്ന വിലയിരുത്തലിൽ 1958ൽ ഇ.എം.എസ്സിന്റെ നേതൃത്വത്തിലുള്ള മാവൂരിൽ കമ്പനി തുടങ്ങാൻ ബിർലയുമായി കരാറിലെത്തുന്നത്. പ്രതിവർഷം 2,00,000 ടൺ അസംസ്കൃത വനവിഭവങ്ങൾ ടണ്ണിന് ഒരു രൂപാ നിരക്കിലും ഇതിനാവശ്യമായ 235 ഏക്കർ ഭൂമിയും നൽകാമെന്ന് സർക്കാർ വാഗ്ദാനം നൽകി. മുള, ഈറ്റ, യൂക്കാലിപ്റ്റസ് എന്നിവ തുച്ഛമായ വിലയ്ക്ക് പ്രതിദിനം 100 ടൺ ശേഷിയുള്ള പൾപ്പ് ഡിവിഷനുവേണ്ടി സർക്കാർ എത്തിച്ചുകൊടുത്തു. കമ്പനിയുടെ മലിനജലം ചാലിയാർപുഴയിലേക്ക് ഒഴുക്കുന്നതിനെതിരെയായിരുന്നു ആദ്യകാല സമരം. ഗ്രാസീം ഇൻഡസ്ട്രീസിന് ചുറ്റുമുള്ള മാവൂർ, വാഴക്കാട് എന്നീ ഗ്രാമങ്ങളും ചാലിയാറിന്റെ തീരത്ത് ഇരുകരയിലുമുള്ള പെരുവയൽ, വാഴയൂർ, ഒളവണ്ണ എന്നീ ഗ്രാമങ്ങളുമാണ് മലിനീകരണ വിപത്തിന് ഏറ്റവും കൂടുതലായി അടിപ്പെട്ടിരിക്കുന്നത്. 1970 മുതൽ ഈ പ്രദേശത്തുള്ള ജനങ്ങൾ നിരന്തരമായി സമരത്തിലായിരുന്നു. 1974-ൽ സമരം ശക്തമായപ്പോൾ അന്നത്തെ ആഭ്യന്തരമന്ത്രിയായിരുന്ന കെ. കരുണാകരന്റെ സാന്നിധ്യത്തിൽ ഒപ്പുവച്ച കരാർ പ്രകാരം ശുദ്ധീകരിച്ച നിർഗമങ്ങൾ, 6.4 കി.മീറ്റർ താഴെയുള്ള ചുങ്കപ്പള്ളിയിൽ നിക്ഷേപിക്കണമെന്ന് വ്യവസ്ഥപ്പെട്ടിരുന്നു. ഈ കരാർ പാലിക്കുന്നതിന് ആത്മാർഥമായ ഒരു ശ്രമവും മാനേജ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടായില്ല. ജനങ്ങൾ നിരന്തരമായിത്തന്നെ സമരരംഗത്ത് ഉറച്ചുനിന്നു. ചാലിയാറിൽ മലിനീകരണമില്ലെന്നും അഥവാ ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ സാങ്കേതികമായി മാർഗമില്ലെന്നും മലിനീകരണമെന്നത് വ്യവസായവത്ക്കരണത്തിന്റെ ഒഴിച്ചുകൂടാൻ പറ്റാത്ത അനന്തരഫലമാണെന്നും, മൂവായിരത്തിൽപരം പേർക്ക് തൊഴിൽ നൽകുന്നതിന് ചാലിയാർപുഴ തങ്ങൾക്ക് വിട്ടുതരണമെന്നുമാണ് ഗ്രാസിം മാനേജ്മെന്റ് ഇക്കാലത്ത് പറഞ്ഞുകൊണ്ടിരുന്നത്. ഓർഗാനോ ക്ലോറൈഡ് പോലുള്ള പദാർത്ഥങ്ങളുപയോഗിച്ചുള്ള പ്രവർത്തനം പ്രദേശവാസികളിൽ ക്യാൻസർ പോലുള്ള മാരകമായ രോഗങ്ങൾക്ക് കാരണമായതോടെ സമരം ശക്തമായി. മാവൂരിനു ചുറ്റുമുള്ള 11 പഞ്ചായത്തുകളെ മലിനീകരണം സാരമായി ബാധിച്ചു. വായുവിലൂടെ പരക്കുന്ന വിഷപ്പുകയും രോഗങ്ങൾ പരത്തി. മീൻപിടുത്തം ഉപജീവനമാർഗ്ഗമായിരുന്ന ജനങ്ങൾ